പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3489 — 16.12.2015 - ൽ മറുപടിയ്ക്ക്

**മാതാപിതാക്കൾ മരിച്ചുപോയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | മാതാപിതാക്കളിൽ ആരെങ്കിലും ഒരാളോ, രണ്ടുപേരുമോ മരണമടഞ്ഞ കേസുകളിൽ അവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്ന അറിയിക്കുമോ ; ഈ ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വിവരങ്ങൾ വിശദമാക്കുമോ ; | (എ) | മാതാപിതാക്കളിൽ ഒരാളോ അല്ലെങ്കിൽ രണ്ട് പേരുമോ മരണമടഞ്ഞ ഗവ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ ബിരുദം/പ്രൊഫണൽ കോഴ്സ് വരെ പഠിക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നുണ്ട്.<br>സ്നേഹപൂർവ്വം പദ്ധതി ധനസഹായം ഗവ/എയ്ഡഡ് സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് 2014-15 അദ്ധ്യായനവർഷം മുതൽ സ്വീകരിക്കുന്നത്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ പേരുൾപ്പെട്ട കംപ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മേധാവി ഒപ്പിട്ട സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷയ്ക്ക് അംഗീകാരം നൽകി വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നു. ഈ പദ്ധതി പ്രകാരം താഴെ പറയുന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.<br>1. 5-ാം ക്ലാസ്സുവരെ - പ്രതിമാസം 300 രൂപ<br>2. 6 മുതൽ 10-ാം ക്ലാസ്സുവരെ - പ്രതിമാസം 500 രൂപ<br>3. +1, +2 ക്ലാസ്സ് - പ്രതിമാസം 750 രൂപ<br>4. ഡിഗ്രി/പ്രൊഫണൽ കോഴ്സ് - പ്രതിമാസം 1000 രൂപ |
| (ബി) | മേൽ പറഞ്ഞ കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ സ്കോളർഷിപ്പിനും മറ്റ് ആനുകല്യങ്ങൾക്കും അർഹരായവരായുണ്ടെന്ന് അറിയിക്കുമോ ; ഇവർക്ക് ഏതു വർഷം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തെന്നു അറിയിക്കുമോ ; | (ബി) | 2012 നവംബർ മാസത്തിലാണ് സ്നേഹപൂർവ്വം പദ്ധതി ധനസഹായം ആരംഭിക്കുന്നത്. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. ചേർത്തല മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും 1408 വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യായന വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 അദ്ധ്യായനവർഷം മുതൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയാണ് സ്വീകരിച്ചുവന്നിരുന്നത്. ചേർത്തല മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നിന്നും 2014-15 വർഷത്തിൽ ഓൺലൈൻ ആയി സമർപ്പിച്ച 680 അപേക്ഷകളിൽ അർഹതയുള്ള 542 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ആനുകൂല്യത്തിന് അർഹരായ കുട്ടികളെ എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വിശദമാക്കുമോ ; സ്കൂളുകൾക്ക് ഇതു സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ നൽകാറുണ്ടോ ; ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാതെ കുട്ടികളുടെ ആനുകൂല്യം നഷ്ടപ്പെടുത്തുന്ന സ്കൂളുകൾക്കും പ്രധാനാദ്ധ്യാപകർക്കും എതിരെ നടപടി എടുക്കാറുണ്ടോ ; | (സി) | സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അവർ പഠിക്കുന്ന ഗവ/എയ്ഡഡ് സ്ഥാപന മേധാവികൾ അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്യുന്നത്.<br>സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ വിദ്യാർത്ഥികൾ അവരുടെ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ സ്ഥാപനമേധാവിക്ക് സമർപ്പിക്കുകയാണ് വേണ്ടത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈൻ ആയി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് സമർപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷനിൽ നിന്നും വകുപ്പ് മേധാവികൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും പ്രധാന അദ്ധ്യാപകർക്കുമെതിരെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഇത്തരം കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായ കുട്ടികൾക്കുള്ള തുക മറ്റ് മണ്ഡലങ്ങളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു സമയത്തുതന്നെ വിതരണം ചെയ്തിരുന്നുവോ എന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇതിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ